# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 12 | 28/11/2018 ൽ മറുപടിക്ക്

ശബരിമല യുവതി പ്രവേശനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ | പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമല യുവതി പ്രവേശനം സംബന്ധിച്ച സുപ്രീം കോടതിവിധിയെ ആദ്യം അനുകൂലിച്ച കേരളത്തിലെ പ്രധാന രാഷ്ട്രീയ കക്ഷികൾ പിന്നീട് നിലപാട് മാറ്റിയതിന് പിന്നിലെ കാര്യകാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ശബരിമല യുവതി പ്രവേശനം സംബന്ധിച്ച സുപ്രീം കോടതിവിധിയെ ആദ്യം രാഷ്ട്രീയ കക്ഷികൾ അനുകൂലിച്ചിരുന്നു. സുപ്രീം കോടതി വിധിക്കെതിരെ തന്ത്രികുടുംബവും പന്തളം രാജകുടുംബവും ആളെക്കൂട്ടി പ്രതിഷേധം നടത്തിയതിനെത്തുടർന്ന് ബഹു. സുപ്രീം കോടതി വിധിയുടെ അന്തസത്ത മനസ്സിലാക്കാതെ കേരളത്തിലെ പ്രധാന രാഷ്ട്രീയ കക്ഷികൾ നിലപാട് മാറ്റുകയുണ്ടായി. ബഹു. സുപ്രീം കോടതി വിധി നടപ്പിലാക്കുമെന്ന നിലപാടാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചത്. |
| (ബി) | പ്രസ്തുത വിധി മുൻനിർത്തി വർഗ്ഗീയ ധ്രുവീകരണം നടത്തി കേരളത്തെ കലാപ ഭൂമിയാക്കുന്നതിന് ചില ശക്തികൾ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.ബഹു. സുപ്രീം കോടതി വിധിയുടെ മറവിൽ വർഗ്ഗീയ ധ്രുവീകരണം നടത്തി കേരളത്തെ കലാപ ഭൂമിയാക്കുന്നതിന് ചില സാമൂഹ്യ വിരുദ്ധ ശക്തികൾ ശ്രമിച്ചു. ശബരിമല വിഷയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിലെ പ്രതികളുടെ രാഷ്ട്രീയ സ്വഭാവം പരിശോധിക്കുമ്പോൾ ബി.ജെ.പി ആർ.എസ്.എസ്. മുതലായ രാഷ്ട്രീയ സംഘടനകളിൽ ഉൾപ്പെട്ടവരാണെന്ന് മനസിലാക്കുന്നു. |
| (സി) | ഈ വിഷയം സംബന്ധിച്ച് സുപ്രീം കോടതിയിൽ 12 വർഷം കേസ് നടന്നിട്ടും കക്ഷിചേരാത്ത പ്രമുഖ രാഷ്ട്രീയ സംഘടനകൾ ഇപ്പോൾ ഇതിന് പിന്നിൽ അണിനിരക്കുന്നത് രാഷ്ട്രീയ നേട്ടം ഉണ്ടാക്കാനാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ശബരിമലയിൽ കലാപമുണ്ടാക്കുന്നതിനും ശബരിമല യുവതി പ്രവേശന വിഷയം ആളിക്കത്തിച്ച് സമൂഹത്തിൽ ധ്രുവീകരണം ഉണ്ടാക്കുന്നതിനും നടത്തുന്ന ശ്രമങ്ങൾ ഏതൊക്കെ തരത്തിൽ പ്രതിരോധിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ശബരിമലയിൽ കലാപമുണ്ടാക്കുന്നതിനും ക്രമസമാധാന നില തകർത്ത് സമൂഹത്തിൽ ധ്രുവീകരണം ഉണ്ടാക്കുന്നതിനും ചില വർഗ്ഗീയ ശക്തികളും ചില സ്ഥാപിത താൽപര്യക്കാരും നടത്തുന്ന ശ്രമങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രതിരോധിക്കു ന്നതിന് സർക്കാരിനാൽ സാധ്യമായ എല്ലാ നടപടികളും പൊതുജനാഭി പ്രായത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുണ്ട്. ശബരിമലയിലെ സ്ഥിതിവിശേഷം അത്യന്തം ഗുരുതരമാക്കാൻ ശ്രമിക്കുന്ന ഇത്തരക്കാരെ പ്രതിരോധിക്കുന്നതിന് ശബരിമലയിൽ പ്രത്യേക സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തുലാംമാസ പൂജയ്ക്കും ചിത്തിര ആട്ട വിശേഷപൂജ സമയത്തും ഭക്തർക്ക് സമാധാനപരമായ ക്ഷേത്രദർശനം ഉറപ്പുവരുത്തുന്നതിന് ചിലർ നേരിയ തടസ്സം സൃഷ്ടിച്ചിരുന്നു. ചിലർ 18-ാം പടിയിൽ ആചാര ലംഘനം നടത്തിയ കാര്യവും 52 കാരിയായ ഒരു സ്ത്രീയെ അക്രമികൾ വളഞ്ഞ് ആക്രമിച്ചതായും ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാന ത്തിൽ മണ്ഡല കാലം മുതൽ സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും എരുമേലിയിലും മതിയായ പോലീസ് സംരക്ഷണം ഒരുക്കിയിട്ടുണ്ട്.വിഷയം രമ്യമായി പരിഹരിക്കുന്നതിനും ശബരിമലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിന് സർവ്വ കക്ഷി യോഗം ഉൾപ്പെടെ വിവിധ തലങ്ങളിൽ സർക്കാർ ചർച്ചകൾ നടത്തിയിട്ടുണ്ട്.രാജ്യത്തെ പരമോന്നത നീതിപീഠമായ ബഹു. സുപ്രീം കോടതി വിധി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചതല്ലാതെ വിശ്വാസികളെ പ്രകോപിപ്പിക്കുന്ന തരത്തിലുള്ള യാതൊരു സമീപനവും സർക്കാരിന്റെ ഭാഗത്ത് നിന്നും നാളിതുവരെ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ